കുറ്റ്യാടി സബ് രജിസ്ട്രാർ ഓഫീസ് പരിഷ്കരണ പ്രവൃത്തി

310 (1367) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരാവസ്തു വകുപ്പിന് വിട്ടുനൽകിയ കുറ്റ്യാടിയിലെ പഴയ സബ്ബ് രജിസ്ട്രാർ ഓഫീസിന്റെ ചുറ്റുപാടുകൾ പരിഷ്കരണ പ്രവൃത്തി നടത്തുന്നതിന് ആസ്തി വികസന ഫണ്ടിൽ നിന്നും നൽകിയ തുകയ്ക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റും, വിശദമായ പ്രോജക്ട് റിപ്പോർട്ടും തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) കുറ്റ്യാടി സബ് രജിസ്ട്രാർ ഓഫീസ് പ്രവർത്തിച്ചിരുന്ന പുരാതന കെട്ടിടം അതേപടി സംരക്ഷിച്ച് നിലനിർത്തുന്നതിനോടൊപ്പംതന്നെ ചുറ്റുമുള്ള സ്ഥലത്തിനും ഒരു പൗരാണികത തോന്നിപ്പിക്കുന്നതിനായി ചെയ്യേണ്ടുന്ന പണികളെ സംബന്ധിച്ച്, പുരാവസ്തു വകുപ്പ് അംഗീകരിച്ചിട്ടുള്ള പ്ലാനും എസ്റ്റിമേറ്റും ഉൾപ്പെടെയുള്ള പ്രോജക്ട് റിപ്പോർട്ട് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് 10-11-2014-ൽ കോഴിക്കോട് ജില്ലാ രജിസ്ട്രാർ പുരാവസ്തു വകുപ്പിന് കത്ത് നൽകിയിട്ടുണ്ട്. ടി പ്രോജക്ട് റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

കുടുംബാംഗങ്ങൾ തമ്മിലുള്ള ഭാഗപത്ര ഫീസ്

311 (1368) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബാംഗങ്ങൾ തമ്മിലുള്ള ഭാഗപത്രം, രജിസ്ട്രേഷൻ ഇവയുടെ ഫീസ് ഉയർത്തി സർക്കാർ ഉത്തരവിറക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് ഈടാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തിൽ ഒരു ഏക്കർ വരെയുള്ള ഭാഗപത്രത്തിനും മറ്റും പഴയ രീതി തന്നെ നിലനിർത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly